- കഴിഞ്ഞ എട്ട വർഷമായി മുടങ്ങിക്കിടക്കുകയായിരുന്ന കോളേജ് ഗെയിംസ് മത്സരങ്ങൾ പുനരാരംഭിക്കുകയുണ്ടായി.
- ഇതിനു പുറമേ ജില്ലാ സ്പോർട്ട്സ് കൗൺസിലുകൾ മുഖേന നടപ്പാക്കിയ പദ്ധതികൾ/പരിപാടികൾ അനുബന്ധമായി ചേർക്കുന്നു.*

(സി & ഡി) അനുബന്ധമായി ചേർക്കുന്നു.*

വാട്ടർ സ്പോർട്ട്സ് കേന്ദ്രം

227 (3334) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി ബിയ്യം കായലിൽ തുടങ്ങിയ വാട്ടർ സ്പോർട്സ് കേന്ദ്രം ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കേന്ദ്രം പ്രവർത്തനരഹിതമായത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ;

(ബി) സ്ഥിരമായി കോച്ചിനെ കിട്ടാൻ അടിയന്തരനടപടി സ്വീകരിക്കുമോ; മുടങ്ങിയ പരിശീലനം പുനരാരംഭിക്കാൻ ഈ വേനൽക്കാലത്തുതന്നെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. യോഗ്യതയുള്ള ടെയിനറുടെ അഭാവത്തിലാണ് പൊന്നാനി ബിയ്യം കായലിലെ വാട്ടർ സ്പോർട്ട്സ് കേന്ദ്രത്തിൽ പരിശീലനം മുടങ്ങിയിട്ടുള്ളത്. സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ വാട്ടർ സ്പോർട്ട്സ് ഇനത്തിൽ നിലവിലുള്ള 4 സ്ഥിരം കോച്ചുമാർ സ്പോർട്ട്സ് ഹോസ്റ്റലുകളിൽ ജോലി നോക്കിവരികയാണ്. അതുകൊണ്ട് ടി സെന്ററിലേയ്ക്ക് സ്ഥിരം കോച്ചിനെ നൽകാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

കുന്നംഭാഗം സ്പോർട്സ് സ്കൂൾ

228 (3335) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി കുന്നംഭാഗത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്പോർട്സ് സ്കൂളിന് സർക്കാർ അനുമതി നല്കിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത സ്കൂളിൽ 2016-17 അദ്ധ്യയന വർഷം തന്നെ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിലുള്ള സ്കൂൾ അതേ രീതിയിൽ തുടർന്നുകൊണ്ട് സ്പോർട്ട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ദേശീയ ഗെയിംസ് വില്ലേജിന്റെ പ്രീ ഫാബ് ഹൗസിംഗ് യൂണിറ്റ് അനുവദിച്ചതനുസരിച്ച് കെട്ടിട നിർമ്മാണം എപ്പോഴത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഗവൺമെന്റ് ഹൈസ്കൂളിന്റെ 5.27 ഏക്കർ കോമ്പൗണ്ടിൽനിന്നും സ്പോർട്ട്സ് സ്കൂൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലത്തിന് വിദ്യാഭ്യാസ വകുപ്പ് സ്പോർട്ട്സ് വകുപ്പിന് പെർമിസീവ് സാങ്ഷൻ നൽകുന്നതിന് 5-1-2014 ബഹു. ധനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചു. മെസ്സേഴ്സ് കിറ്റ്കോ തയ്യാറാക്കി നൽകിയ 9,91,50,000 രൂപ (ഒൻപത് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)യുടെ എസ്റ്റിമേറ്റ് കൗൺസിൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി & സി) പരിശോധിക്കുന്നതാണ്.

(ഡി) ദേശീയ ഗെയിംസ് വില്ലേജിൽ നിന്നും 3 പ്രീ ഫാബ് യൂണിറ്റുകളാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ആയത് ടി സ്കൂളിൽ എത്തിക്കുന്നതിന് 2 ലക്ഷം രൂപ കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ അനുവദിക്കണമെന്ന് സ.ഉ. (സാധാ) നമ്പർ 46/16/കാ.യു.വ. പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം സംബന്ധിച്ച് നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട സ്കൂൾ അധികൃതരാണ്.

35-ാം നാഷണൽ ഗെയിംസ്

229 (3336) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടന്ന 35-ാം നാഷണൽ ഗെയിംസ് വൻ വിജയമാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) കൂടുതൽ ദേശീയ അന്തർ ദേശീയ കായിക മത്സരങ്ങൾ സംസ്ഥാനത്ത് നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ;

LIBRARY ARCHIVES Kerala Legislative Assembly